# അക്കാദമിക മാസ്റ്റർ പ്ലാൻ




# എ എം എൽ പി സ്കൂൾ കിടങ്ങയം

## ഉള്ളടക്കം


- പ്രൊഫൈൽ.
- അക്കാദമിക വർഷത്തിൽ കുട്ടികളുടെ എണ്ണം.
- അധ്യാപകരുടെ നിലവിലെ അവസ്ഥ.
- വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം നിലവിലെ അവസ്ഥ.
- വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ.
- വിദ്യാലയ പ്രവർത്തനങ്ങളെ സഹായിക്കുന്ന ഘടകങ്ങൾ നിലവിലെ അവസ്ഥ.
- സ്കൂൾ വികസന പദ്ധതി.
- വിദ്യാലയ വികസന കാഴ്ചപ്പാട്.
- ഓരോ മേഖലയിലും ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.
- തനതു പ്രവർത്തനങ്ങൾ.
- പ്രവർത്തന മാതൃക
- മാസ പ്രവർത്തന കലണ്ടർ (ക്ലാസ് അടിസ്ഥാനത്തിൽ).

# PROFILE

| | |
|---|---|
| NAME OF SCHOOL | A.M.L.P SCHOOL KIDANGAYAM |
| NAME OF THE REVENUE VILLAGE/WARD | KIDANGAYAM/9 WARD |
| NAME OF CLUSTER | G.U.P.S ANAKKAYAM |
| NAME OF THE PANCHAYATH | ANAKKAYAM |
| NAME OF BLOCK | MALAPPURAM |
| NAME OF DISTRICT | MALAPPURAM |
| NAME OF HM WITH MOBILE NUMBER | PREETHA P.M<br>9495914645 |
| SCHOOL CODE | 18522 |
| E-MAIL ID | amlpskidangayam1@gmail. com |

2025-26 അക്കാദമിക വർഷത്തിൽ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| ക്ലാസ് | I | | II | | II | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | G | B | G | B | G | B | G | B | G |
| | 57 | 40 | 55 | 47 | 48 | 48 | 39 | 58 | 199 | 193 |
| ആകെ | | 97 | | 102 | | 96 | | 97 | | 392 |

അധ്യാപകരുടെ നിലവിലെ അവസ്ഥ

| അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക അധ്യാപകർ | മൂന്നുവർഷത്തി ൽ കൂടുതൽ ഇതേ വിദ്യാലയത്തി പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|
| 21 | 19 | 2 | 19 |

## വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 5 | 3 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 8 | 3 |
| സുരക്ഷിതവും ആവശ്യാനുസൃതം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | ഉണ്ട് | |
| പ്രധാന അധ്യാപക മുറി | ഉണ്ട് | |
| ചുറ്റുമതിൽ / വേലി | ഉണ്ട് | |
| കളിസ്ഥലം | ഉണ്ട് | |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് ഹാന്റ് റെയിൽ | ഉണ്ട് | |

## വിദ്യാലയത്തിലെ IT അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യ മുള്ളത് |
|---|---|---|
| ലാപ് ടോപ് | 8 | 10 |
| സ്മാർട്ട് ടി വി | 10 | 6 |
| പ്രൊജക്ടർ | 3 | 13 |
| വിക്ടേഴ്സ് ചാനലിന്റെ ലഭ്യത | ഉണ്ട് | |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| ഇ-മെയിൽ ഐഡി | amlpskidangayam1@gmail.com | |
| സ്മാർട്ട് ക്ലാസ് റൂം | 11 | |
| വൈറ്റ് ബോർഡ് | 11 | 5 |
| യു ട്യൂബ് ചാനൽ | ഉണ്ട് | |
| ഇൻസ്റ്റഗ്രാം ഐഡി | ഉണ്ട് | |

# <u>വിദ്യാലയ പ്രവർത്തനങ്ങളെ സഹായിക്കുന്ന ഘടകങ്ങൾ</u>

| വിഭാഗം | പ്രവർത്തന രീതി |
|---|---|
| എസ്.ആർ.ജി | ആഴ്ചയിൽ ഒരിക്കൽ ആസൂത്രണം, അവലോകനം. |
| PTA എക്സിക്യൂട്ടീവ് | മാസത്തിലൊരിക്കൽ (ആവശ്യമുള്ളപ്പോഴെല്ലാം) |
| സി പി ടി എ | | എല്ലാ മാസവും പഠന നേട്ടങ്ങളിൽ പങ്കാളികളാക്കൽ. |
| എം പി ടി എ | സ്കൂൾ പ്രവർത്തനങ്ങളെ സഹായിക്കുന്നു. |
| എസ് എസ് ജി | ക്ലാസ്സല സ്കൂൾതല സഹായം ആവശ്യമുള്ളപ്പോൾ ലഭ്യമാവുന്നു. |
| ജാഗ്രത സമിതി | കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നു. |
| ക്ലബ്ബുകൾ | ഓരോ ക്ലബ്ബുകളും അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു / നൽകുന്നു. |

## നിലവിലെ അവസ്ഥ

പാഠ്യ പാഠ്യേതര രംഗത്ത് ഈ സ്കൂൾ എന്നും ഒരുപടി മുന്നിലാണ്. നിലവിൽ സ്കൂളിന് 11 ക്ലാസ് മുറികളും 1 സ്റ്റാഫ് മുറിയും ഉൾപ്പെടെ 12 റൂമുകളുള്ള പുതിയ ബിൽഡിങ് ഉണ്ട്. ഈ ബിൽഡിങ്ങിനോട് ചേർന്ന് തന്നെയുണ്ടായിരുന്ന ബിൽഡിങ് പൊളിച്ചു മാറ്റി . ഇവിടെ പ്രവർത്തിച്ചിരുന്ന 5 ക്ലാസ് മുറികൾ തല്ക്കാലം മദ്രസ ബിൽഡിങ്ങിൽ പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള സ്കൂൾ ബില്ഡിങ്ങിനോട് ചേർന്ന് തന്നെ ബാക്കി ക്ലാസ് മുറികൾക്കുള്ള ബിൽഡിങ് പണി നടന്നുകൊണ്ടിരിക്കുന്നു. അത് പൂർത്തിയാകുന്നതോടെ ഒറ്റ ബിൽഡിങ്ങിൽ മനോഹരമായൊരു ബഹുനില കെട്ടിടമായി സ്കൂൾ മാറും .

നല്ല രീതിയിലുള്ള ടോയ്‌ലറ്റുകളും ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനവും കുടിവെള്ള സൗകര്യവും ആധുനിക സൗകര്യങ്ങളോടു കൂടിയ അടുക്കളയും വാഷിംഗ് റൂമും സ്റ്റോർ മുറിയും വിശാലമായ ഒരു കളിസ്ഥലവും ഉണ്ട്. എങ്കിലും ഭക്ഷണം കഴിക്കുന്നതിനുള്ള സ്ഥലത്തിന്റെ കുറവും ചെരുപ്പ് വെക്കാനുള്ള സ്റ്റാന്റുകളുടെ കുറവും സ്റ്റേജോടുകൂടിയ ഒരു കോൺഫറൻസ് ഹാളിന്റെ കുറവും ആണ് ഇപ്പോഴുള്ളത്. കുട്ടികൾക്ക് വിനോദത്തിനും കായികശേഷി ഉയർത്തുന്നതിനും പറ്റുന്ന ഒരു പാർക്ക് സ്കൂളിലെ കുട്ടികളുടെ സ്വപ്നമായി ബാക്കി നിൽക്കുന്നു.

നിലവിൽ എച്ച് ടി വി അടക്കം 21 അധ്യാപകരും ഒരു പാചകക്കാരിയും ഒരു സ്വീപറും ഇവിടെയുണ്ട്. പാഠ്യ പാഠ്യേതര രംഗത്ത് കിടങ്ങയം എ എം എൽ പി സ്കൂൾ എന്നും മുന്നിലാണ്. സബ്ജില്ലാ കലാമേളയിൽ വർഷങ്ങളായി മികച്ച സ്ഥാനം നിലനിർത്തുന്നു. ആനക്കയം പഞ്ചായത്ത് തല സ്കൂൾ കലാമേളയിലും കിടങ്ങയം മുൻപന്തിയിൽ നിൽക്കുന്നു. സബ്ജില്ലാ കായിക മേളയിലും ശാസ്ത്രമേളയിലും മികച്ച പ്രകടനങ്ങൾ കാഴ്ചവെയ്ക്കാറുണ്ട് .

സ്കൂളിലെ കബ്ബ് ബുൾബുൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനം എന്നും മികച്ചതാണ്. ഈ വിഭാഗത്തിൽ ധാരാളം പുരസ്കാരങ്ങൾ നേടാറുണ്ട്. സ്കൂളിൽ ധാരാളം ക്ലബ്ബുകൾ വളരെ നല്ല രീതിയിൽ തന്നെ പ്രവർത്തിച്ചുവരുന്നു (സയൻസ് ക്ലബ്, ഗണിത ക്ലബ്, ആരോഗ്യ ക്ലബ്, വർക്ക് എക്സ്പീരിയൻസ് ക്ലബ്, വിദ്യാരംഗം ക്ലബ്).

ഇതിൽ വിദ്യാരംഗം ക്ലബ്ബ് ജില്ലയിൽ തന്നെ മികച്ച വിദ്യാരംഗം ക്ലബ്ബുകളിൽ ഒന്നാണ്.സബ്ജില്ല ക്വിസ് മത്സരങ്ങളിൽ കുട്ടികൾ എന്നും ഉയർന്ന സ്ഥാനങ്ങൾ സ്വന്തമാക്കാറുണ്ട്. വർഷവും ധാരാളം കുട്ടികൾ എൽഎസ്എസിന് അർഹരാകാറുണ്ട്. കഴിഞ്ഞവർഷം 11 കുട്ടികളാണ് എൽ എസ് എസ് നേടിയത്. അതുകൊണ്ടുതന്നെ ഓരോ വർഷവും സ്കൂളിൽ എത്തുന്ന കുട്ടികളുടെ

എണ്ണത്തിൽ വർദ്ധനവുണ്ട്. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ ഇംഗ്ലീഷ് മീഡിയം തുടങ്ങിയത് തൊട്ടടുത്ത പ്രദേശങ്ങളിൽ നിന്നും കൂടുതൽ കുട്ടികൾ ഈ സ്കൂളിൽ എത്തുന്നതിനും കാരണമായി. ഇംഗ്ലീഷിന് കൂടുതൽ ഊന്നൽ നൽകുന്നു.

കുട്ടികൾക്ക് ഭക്ഷണം കഴിച്ചശേഷം കഴുകുന്നതിന് നല്ല വാഷിംഗ് ഏരിയയും , കുടിവെള്ളത്തിനായി വെള്ളം ശുദ്ധീകരിച്ച് കിട്ടുന്ന UV ഫിൽറ്റർ സംവിധാനവും നമുക്കുണ്ട്. കൂടാതെ കുട്ടികൾക്ക് കുടിവെള്ളമായി തിളപ്പിച്ചാറിയ കുടിവെള്ളം പ്രത്യേകമായി സംവിധാനിക്കാറുണ്ട്.

സാമൂഹ്യപങ്കാളിത്തവും മാനേജ്മെൻറിൻ പിന്തുണയും അധ്യാപകരുടെ പ്രയത്നവുമാണ് സ്കൂളിനെ ഉന്നതിയിലേക്ക് എത്തിച്ചത്. സ്കൂളിൽ നടക്കുന്ന ഏത് പരിപാടിക്കും ജാതിമത രാഷ്ട്രീയഭേദമന്യേ നാട്ടുകാരുടെയും ക്ലബ്ബുകളുടെയും സജീവ പങ്കാളിത്തം ഉണ്ടാവാറുണ്ട്. വിശാലമായ ഒരു കളി സ്ഥലവും ശാന്ത സുന്ദരമായ ഗ്രാമീണ അന്തരീക്ഷവും ഈ വിദ്യാലയത്തിന്റെ മുതൽ കൂട്ടാണ്.


സ്കൂൾ ബിൽഡിംഗ്
AMLP SCHOOL KIDANGAYAM
MANJERI SUB DISTRICT
CENTER FOR ADMINISTRATION


COMMERICIAL RO PLANT
UV ഫിൽറ്റർ


AMLP. സ്കൂൾ കിടങ്ങയം
കിച്ചൺ & വാഷിംഗ്റൂം
കിച്ചൺ &വാഷിംഗ് ഏരിയ


വാഷിംഗ് ഏരിയ

# 2025 26 വർഷത്തെ അധ്യാപകർ



**പ്രീത PM**
ഹെഡ് മിസ്ട്രെസ്



**നിഷിദ O**
SRG കൺവീനർ



**P മൂസ**
സ്റ്റാഫ് സെക്രട്ടറി



**സുബൈർ P**
കലാമേള &ഗണിത ക്ലബ്



**യാക്കൂബ് CK**
അക്കാദമിക മാസ്റ്റർ പ്ലാൻ



**ശിഹാബുദ്ധീൻ A**
ഉച്ചഭക്ഷണം



**മുഹ് മിന CH**
കലാമേള



**റിസ് വാന P**
ബുൾ ബുൾ



**നദീറ PK**
ലൈബ്രറി



മുഹമ്മദ് അർഷാദ് MK
ഐ ടി



**അംജദ് KK**
മീഡിയ വിംഗ്



**നുഹ് മാൻ K**
സ്പോർട്സ്



**ശിഹാബുദ്ധീൻ U**
വിദ്യാരംഗം



**ഷിഫാൻസ് CH**
ടെക്സ്റ്റ് ബുക്ക്



**ഇർഫാന PM**
യൂണിഫോം



**ഫെമിന**
ഹെൽത്ത് ക്ലബ്



**സമിന**
English Club



**കൊച്ചുമോൾ**
വർക്ക് എക്സ്പീരിയൻസ്



**മുബഷിർ OP**
മീഡിയ വിംഗ്



**അബ്ദുറഹ്മാൻ**
SS ക്ലബ്

# സ്കൂൾ വികസന പദ്ധതി

**സാമൂഹിക പശ്ചാത്തലം :**

ആനക്കയം പഞ്ചായത്തിൻറെ കിഴക്കേ അറ്റത്ത് കിടക്കുന്ന പ്രദേശമാണ് കിടങ്ങയം. ഇവിടുത്തെ ഏക പൊതു വിദ്യാഭ്യാസ സ്ഥാപനമാണ് കിടങ്ങയം എ എം എൽ പി സ്കൂൾ . കിടങ്ങയം അരിച്ചോല പ്രദേശങ്ങളിലെ ജനങ്ങൾ എത്രയോ പതിറ്റാണ്ടുകാലം മുതൽ അക്ഷരം കുറിച്ചു പഠിച്ച ഈ വിദ്യാലയം ഓത്തുപള്ളി ആയിട്ടാണ് തുടങ്ങിയത്. ആദ്യ കാലത്ത് ഓത്തുപള്ളി മൊല്ലാക്കമാർ വീടിനോട് ചേർന്ന് നടത്തിയിരുന്ന പള്ളിക്കൂടം 1921ൽ ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു . സ്കൂൾ നടത്തിപ്പിൽ വന്ന പലബുദ്ധിമുട്ടുകൾ കാരണം പലപ്പോഴും മാനേജർമാർ മാറിവന്നെങ്കിലും ഇപ്പോൾ കിടങ്ങയം മഹല്ലിൻറെ നേതൃത്വത്തിലുള്ള കിടങ്ങയം മുസ്ലിം ബ്രദേഴ്സ് അസോസിയേഷനാണ് മാനേജ്മെൻ്റ്. അസോസിയേഷൻ ചുമതലപ്പെടുത്തിയ സി. കെ ഇബ്രാഹീം മാസ്റ്റർ മാനേജറുമാണ്.

ഒരു മാനേജ്മെൻ്റ് സ്ഥാപനമാണെങ്കിലും എന്നും ഉയർന്ന സൗകര്യങ്ങൾ വിദ്യാലയത്തിൽ ഒരുക്കാൻ മാനേജ്മെൻ്റിന് കഴിഞ്ഞിട്ടുണ്ട്. പണ്ട് ഓല മേഞ്ഞിരുന്ന ഷെഡ്ഡുകൾ ഓടിലേക്ക് മാറി.ഇപ്പോൾ ബഹുനില കോൺക്രീറ്റ് ബിൽഡിങ്ങിൽ 11 ക്ലാസ് മുറികൾ പ്രവർത്തിക്കുന്നു. ഒന്നു മുതൽ നാലു വരെ നാല് ഡിവിഷൻ വീതം 16 ക്ലാസ് മുറികൾ ഉണ്ട് . ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു. നാട്ടിലെ ജനങ്ങ ളുടെ യും കുട്ടികളുടെയും ആഗ്രഹത്തിനൊത്ത് പ്രവർത്തിക്കാൻ കഴിവുറ്റ അധ്യാപകരുടെ കൂട്ടായ്മ സ്കൂളിന്റെ ഉന്നതിയിലേക്കുള്ള ചവിട്ടുപടിയായി എന്നും നിലനിൽ ക്കുന്നു.

10 ക്ലാസുകളിലായി 42 ഇഞ്ച് വലിപ്പമുള്ള 10 സ്മാർട്ട് ടിവികളും 4 പ്രൊജക്ടറുകളും സ്ഥാപിച്ച് ഇന്ന് കിടങ്ങയം എ എം എൽ പി സ്കൂൾ ഒരു ഹൈടെക് സ്കൂളായി മാറി കഴിഞ്ഞിട്ടുണ്ട്.

# <u>വിദ്യാലയ വികസന കാഴ്ചപ്പാട്</u>

നിലവിൽ 392 കുട്ടികൾ അറിവ് നുകരുന്ന ഈ വിദ്യാലയത്തിൽ മികച്ച സൗകര്യങ്ങൾ ഉണ്ടെങ്കിലും കാലത്തിൻറെ മാറ്റത്തിന് അനുസരിച്ച് ചുവട് വെയ്ക്കാൻ ഇനിയും മാറ്റങ്ങൾ ആവശ്യമുണ്ട്. പുതുതായി നിർമ്മിച്ച ബഹുനില കെട്ടിടത്തിൽ 11 സ്മാർട്ട് ക്ലാസ് മുറികൾ ഉണ്ടെങ്കിലും മറ്റെല്ലാ ക്ലാസ്സുകളും ഇതുപോലെ ആക്കി മാറ്റുക എന്നതാണ് ഞങ്ങളുടെ സ്വപ്നം.നിലവിലുള്ള ബിൽഡിങ്ങിനോട് ചേർന്ന് അതിനുള്ള പുതിയ കെട്ടിടത്തിന്റെ പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

നിലവിൽ എല്ലാ ക്ലാസുകളിലേക്കും ഓരോ കമ്പ്യൂട്ടറുകൾ ഉണ്ടെങ്കിലും കമ്പ്യൂട്ടർ പഠനം അൽപം കൂടി സുഖകരമാക്കാൻ നല്ലൊരു കമ്പ്യൂട്ടർ ലാബ് അത്യാവശ്യമാണ്. അതുപോലെതന്നെ ഭക്ഷണം കഴിക്കുന്നതിനായി പ്രത്യേകം സൗകര്യം, സ്ഥിരം സ്റ്റേജോടു കൂടിയ നല്ലൊരു ഹാൾ, ചെരിപ്പ് വെക്കാനുള്ള സൗകര്യം എന്നിവയെല്ലാം നിർമ്മിച്ച് ഈ വിദ്യാലയത്തിന്റെറെ പകിട്ടിന് മാറ്റ് കൂട്ടേണ്ടതുണ്ട്. കുട്ടികൾക്ക് വിനോദത്തിനും കായികശേഷി ഉയർത്തുന്നതിനും പറ്റുന്ന ഒരു പാർക്ക് സ്കൂളിലെ കുട്ടികളുടെ സ്വപ്നമായി ബാക്കി നിൽക്കുന്നു.

മുഴുവൻകുട്ടികൾക്കും അടിസ്ഥാന ശേഷികൾ നേടിക്കൊടുക്കുക , സ്കോളർഷിപ്പ് പരീക്ഷയിൽ നേട്ടം കൈവരിക്കാൻ ആവശ്യമായ കോച്ചിംഗുകൾ നൽകുക, എല്ലാ വിദ്യാർത്ഥികൾക്കും സ്വന്തം കൃഷിത്തോട്ടം, പ്രകൃതിയിലൂടെ നിരീക്ഷണത്തിലൂടെ പഠനം എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു ജൈവവൈവിധ്യ പാർക്ക് എന്നീ പരിപാടികളെല്ലാം ഞങ്ങൾ മുന്നിൽ കാണുന്നു.

ഇത്തരത്തിൽ ഈ വിദ്യാലയത്തെ മാറ്റുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

**ഓരോ മേഖലയിലും ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ**

**അക്കാദമികം**

◆പിന്നോക്കക്കാർക്കായി

▲ പടവുകൾ (ക്ലാസ് 1)
▲ ഉണർവ് (ക്ലാസ് 2)
▲ കൈത്താങ്ങ് (ക്ലാസ് 3 )
▲ പഠന വീട് (ക്ലാസ് 4)

◆ ഗൃഹ സന്ദർശനം - ദീർഘ കാലം

◆ എല്ലാക്ലാസിലും ദിനപത്രം

◆ നല്ല വായന - ക്ലാസ് ലൈബ്രറി

◆ കമ്പ്യൂട്ടർ വിദ്യാഭ്യാസം

◆ ദിനാചരണങ്ങൾ (അറബി ഉൾപ്പെടെ)

◆ ക്ലബ് പ്രവർത്തനങ്ങൾ

◆ ഫീൽഡ് ട്രിപ്പ്

◆ പഠന യാത്ര

◆ കായികക്ഷമത ഉണർത്തൽ

◆ പ്രത്യേക അസംബ്ലി

◆ കോച്ചിംഗ് ക്ലാസ്

◆ ഇംഗ്ലീഷിന്റെ പ്രാധാന്യം

◆ ക്വിസ് - കോച്ചിംഗ്

◆ അറബിക് ഫെസ്റ്റ്

◆ സിപിടിഎ ശാക്തീകരണം

◆ ടാലന്റ് ലാബ്

◆ കബ് - ബുൾബുൾ

◆ ലൈബ്രറി ലാബ് പ്രവർത്തനം .

## ഭൗതിക സാഹചര്യം

◆മൂന്നു നില കെട്ടിടം.

◆സ്മാർട്ട് ക്ലാസ് റൂം.

◆ആധുനിക സൗകര്യങ്ങളോട് കൂടിയ അടുക്കള.

◆സ്റ്റോർ റൂം.

◆വാഷിംഗ് റൂം.

◆തണൽ മരം.

◆ക്ലാസിന് 2 വീതം ലാപ്ടോപ്.

◆പച്ചക്കറി തോട്ടം, പൂന്തോട്ടം.

◆ജൈവോദ്യാനം.

◆ടോയ്‌ലറ്റ്.

## സാമൂഹിക പങ്കാളിത്തം

◆എല്ലാ ക്ലാസ്സിലും ദിനപത്രം.

◆ഗൃഹ സന്ദർശനം.

◆വായന അമ്മയോടൊപ്പം.

# തനതു പ്രവർത്തനം

**പ്രവർത്തനത്തിന്റെ പേര്** : പദക്കൂട്ട്

**പ്രവർത്തന ദിവസങ്ങൾ**

തിങ്കൾ ശനി

**ലക്ഷ്യം**

ഭാഷാപാഠനത്തിന് അടിസ്ഥാനമിട്ടുകൊണ്ട്, കുട്ടികൾക്ക് മൂന്ന് ഭാഷകളിലെയും (മലയാളം, അറബിക്, ഇംഗ്ലീഷ്) പ്രധാനപ്പെട്ട പദങ്ങൾ പരിചയപ്പെടുത്തുക. ഭാഷകളോടുള്ള താല്പര്യവും, വ്യത്യസ്ത പദങ്ങളോടുള്ള അറിവും വിദ്യാർത്ഥികളിൽ വളർത്തുക എന്നതാണ് ഈ തനത് പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യം.

**പ്രവർത്തനത്തിന്റെ സവിശേഷതകൾ**

ഒരു പുതിയ പദം മലയാളത്തിൽ, അതിന്റെ അറബി, ഇംഗ്ലീഷ് പദങ്ങൾ കുട്ടികൾക്ക് പഠിപ്പിക്കുക.

ഉദാഹരണം

മലയാളം: പൂവ്

അറബിക്: زَهْرَة (സഹ്റ)

ഇംഗ്ലീഷ്: Flower

**പ്രവർത്തന രീതി:**

ഓരോ പദവും എഴുതി കാണിക്കുകയും, ക്ലാസ് നോട്ടീസ് ബോർഡിൽ തൂക്കുകയുംചെയ്യുക ഈ പദങ്ങൾ ഉപയോഗിച്ച് അതിന്റെ അർത്ഥം കുട്ടികൾക്ക് സ്വയം പഠിക്കാനും കൂട്ടുകാരോടൊപ്പം ആശയവിനിമയം നടത്താനുംഅവസരം ഉണ്ടാക്കും.

പദക്കൂട്ട് പുസ്തകം എന്ന പേരിൽ ഓരോ പദവും കുട്ടികൾക്ക് രേഖപ്പെടുത്താൻ ഒരു ചെറിയ നോട്ട് പുക്ക് നൽകും.

**നിഗമനം**

പദക്കൂട്ട് എന്ന തനത് പ്രവർത്തനം ഭാഷകളെ സൗഹൃദപരമായി സമീപിക്കാൻ കുട്ടികൾക്ക് അവസരം നൽകും മൂന്ന് ഭാഷകളുടെയും വൈവിധ്യങ്ങൾ കുട്ടികളുടെ ഭാഷാ- കഴിവിനെ വർദ്ധിപ്പിക്കാൻ സഹായകമാകും.

# ഓരോ ക്ലാസിലെയും തനതുപ്രവർത്തനം

## ക്ലാസ് 1 : പടവുകൾ:-

ഒന്നാം ക്ലാസിൽ നിന്നും പടിയിറങ്ങുമ്പോഴേക്കും എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ പടവുകൾ എന്ന പദ്ധതിക്ക് തുടക്കമിട്ടു.

- ഒന്നാം ക്ലാസിൽ പടവുകളുടെ നടത്തിപ്പിനായി ആദ്യം ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കി.

- പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാനശേഷി നേടിയിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം പരിശീലനം നൽകി.

- മറ്റു കുട്ടികളോടൊപ്പം എത്തിക്കുക.

- ഓരോ കുട്ടിയും ക്ലാസുകൾക്കനുസൃതമായ പഠനനിലവാരം കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

» ഇതിലൂടെ ഓരോ കുട്ടിയെയും മികവിലേക്ക് ഉയർത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ലക്ഷ്യങ്ങൾ :-

# എല്ലാ കുട്ടികളും ഒന്നാം ക്ലാസിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

# എല്ലാവർക്കും മലയാളത്തിലും ഇംഗ്ലീഷിലും, എഴുതാനും വായിക്കാനും ഉള്ള ശേഷി നേടിയെന്ന് ഉറപ്പുവരുത്തുക.

# പഠനത്തോടുള്ള താൽപര്യം വളർത്തുക.

# പഠന മികവുകൾ ഓരോ ആഴ്ചയും വിലയിരുത്തുക.

# മലയാളം, ഇംഗ്ലീഷ്, ഗണിതം അടിസ്ഥാനശേഷി ഓരോരുത്തരും നേടി എന്നുറപ്പു വരുത്തുക.

# ചെറിയ ക്ലാസിൽ നിന്ന് തന്നെ പൊതുവിജ്ഞാനം കുട്ടികളിൽ വളർത്തിയെടുക്കുക

## പ്രവർത്തന രീതി :-

« പ്രീ ടെസ്റ്റ് നടത്തുക.

« എല്ലാദിവസവും ഒരു മണിക്കൂർ പ്രത്യേകം പരിശീലനം നൽകുക.

« ആഴ്ചയിൽ ഒരു ദിവസം നൽകിയ പ്രവർത്തനങ്ങൾ കുട്ടികളിൽ എത്തിയോ ഉറപ്പുവരുത്താൻ വേണ്ടി ടെസ്റ്റ് നടത്തുന്നു.

«ഓരോ ആഴ്ചയിലും കുട്ടികളുടെ മികവുകൾ രക്ഷിതാക്കളെ അറിയിക്കുന്നു.

« കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്തുന്നു.

« കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തിയെടുക്കുന്നതിനായി "ഒരു ദിനം ഒരു അറിവ്" എന്ന പേരിൽ ആഴ്ചയിൽ ഒരു ചോദ്യം കുട്ടികൾക്ക് നൽകുന്നു.

« അതിൻ്റെ തുടർ പ്രവർത്തനമായി മൂന്നുമാസത്തിലൊരിക്കൽ മെഗാ ക്വിസ് സംഘടിപ്പിക്കുന്നു.

## ക്ലാസ്സ് 2 : ഉണർവ്വ് :-

എല്ലാ കുട്ടികളെയും ഒരേ നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പ്രവർത്തനമാണ് ഉണർവ്. രണ്ടാം ക്ലാസിൽ ഉണർവിന്റെ നടത്തിപ്പിനായി ആദ്യം ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കി പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാനശേഷി നേടിയിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം പരിശീലനം നൽകി മറ്റു കുട്ടികളോടൊപ്പം എത്തിക്കുക,ഓരോ കുട്ടികൾക്കും ഏതു വിഷയത്തിലാണ് പ്രയാസം നേരിടുന്നത് അത് കണ്ടെത്തി അതിനനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക. ഇതിലൂടെ ഓരോ കുട്ടിയും ക്ലാസുകൾക്കനുസൃതമായ പഠനനിലവാരം കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക. ഇതിലൂടെ ഓരോ കുട്ടിയെയും മികവിലേക്ക് ഉയർത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ലക്ഷ്യങ്ങൾ:-

» എല്ലാവർക്കും മലയാളത്തിലും ഇംഗ്ലീഷിലും എഴുതാനും വായിക്കാനും ഉള്ള ശേഷി നേടിയെന്ന് ഉറപ്പുവരുത്തുക.

» എല്ലാ കുട്ടികളും ഒന്ന്,രണ്ട് ക്ലാസ്സിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

» പഠനത്തോടുള്ള താല്പര്യം വളർത്തുക.

» പഠന മികവുകൾ ഓരോ ആഴ്ചയും വിലയിരുത്തുക.

» മലയാളം, ഇംഗ്ലീഷ്, ഗണിതം അടിസ്ഥാനശേഷി ഓരോരുത്തരും നേടി എന്ന് ഉറപ്പുവരുത്തുക.

» കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക.

പ്രവർത്തന രീതി:-

◆ പ്രീ ടെസ്റ്റ് നടത്തുക.

◆ഒരു ആഴ്ചയിൽ 3 പിരിയഡ് പ്രത്യേകം പരിശീലനം നൽകുക.

◆ ആഴ്ചയിൽ ഒരു ദിവസം നൽകിയ പ്രവർത്തനങ്ങൾ കുട്ടികളിൽ എത്തിയോ എന്ന് ഉറപ്പുവരുത്താൻ വേണ്ടി ടെസ്റ്റ് നടത്തുന്നു.

◆കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്തുന്നു.

## ക്ലാസ്സ് 3 : My English World :-

"My English world" എന്ന പദ്ധതി മൂന്നാം ക്ലാസിൽ കുട്ടി ഇംഗ്ലീഷിൽ സ്വായത്തമാക്കേണ്ട ശേഷികൾ കളികളിലൂടെയും, മത്സരങ്ങളിലൂടെയും കുട്ടികളിൽ എത്തിക്കുക എന്നതാണ്.

## ലക്ഷ്യങ്ങൾ :-

◆ ഇംഗ്ലീഷ് പഠനം മാതൃഭാഷപോലെ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക.

◆ എല്ലാ കുട്ടികളും മൂന്നാം ക്ലാസിൽ ഇംഗ്ലീഷിൽ നേടേണ്ട പഠനശേഷികൾ നേടിഎന്നുറപ്പുവരുത്തുക.

◆ ഇംഗ്ലീഷ് പഠനത്തോട് താല്പര്യം ജനിപ്പിക്കുക.

## പ്രവർത്തനരീതി

# ഓരോ പഠഭാഗ വുമായി ബന്ധപ്പെട്ടശേഷികൾ വ്യത്യസ്തമായി കളിരീതിയിലൂടെ അവതരിപ്പിച്ച് കുട്ടികൾ അറിയാതെ ആ പഠനശേഷി കൈവരിക്കുന്നു. ശേഷം MyEnglish world നോട്ടിൽ രേഖപ്പെടുത്തുന്നു.

# ആഴ്ചയിൽ 2 പിരിയഡ് ഇതിനായി മാറ്റി വെക്കുന്നു.

#ഓരോ ആഴ്ച്ചയും നൽകുന്ന പ്രവർത്ത നങ്ങൾ കുട്ടിയിൽ എത്തിയോ എന്നറിയാൻ മാസത്തിലൊരിക്കൽ ടെസ്റ്റ് നടത്തുന്നു.

## ക്ലാസ്സ് 4 : പഠന വീട്

നാലാം ക്ലാസിൽ തനതു പ്രവർത്തനത്തിൻ്റെ ഭാഗമായി പഠനവീട് എന്ന പദ്ധതിയുടെ നടത്തിപ്പിനായി ആദ്യം ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കി.

## ലക്ഷ്യങ്ങൾ :-

▲ പ്രീ ടെസ്റ്റ് നടത്തി അടിസ്ഥാന ശേഷി നേടിയിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തി

അവർക്ക് പ്രത്യേകം പരിശീലനം നൽകി മറ്റു കുട്ടികളോടൊപ്പം എത്തിക്കുക.

▲ ഓരോ കുട്ടിയും ക്ലാസുകൾക്കനുസൃതമായ പഠനനിലവാരം കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക. ഇതിലൂടെ ഓരോ കുട്ടിയെയും മികവിലേക്ക് ഉയർത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

▲ എല്ലാ കുട്ടികളും ഒന്ന്. രണ്ട്, മൂന്ന്. ക്ലാസിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.

▲ എല്ലാവർക്കും മലയാളത്തിലും ഇംഗ്ലീഷിലും, എഴുതാനും, വായിക്കാനും ഉള്ള ശേഷി നേടിയെന്ന് ഉറപ്പുവരുത്തുക.

▲ പഠനത്തോടുള്ള താൽപര്യം വളർത്തുക.

▲ പഠന മികവുകൾ ഓരോ ആഴ്ചയും വിലയിരുത്തുക.

▲ മലയാളം, ഇംഗ്ലീഷ്, ഗണിതം, അടിസ്ഥാന ശേഷി ഓരോരുത്തരും നേടി എന്നുറപ്പു വരുത്തുക.

## പ്രവർത്തന രീതി :-

◆ പ്രീ ടെസ്റ്റ് നടത്തുക.

◆ രക്ഷിതാക്കളുടെ അഭിപ്രായം പരിഗണിക്കുന്നു.

◆ പ്രത്യേക wtsp grp ഉണ്ടാക്കുന്നു.

◆ grp ൽ വായിച്ച് വിടാൻ അവസരം നൽകുന്നു.

◆ ഒരു ആഴ്ചയിൽ 3 ദിവസം ഓരോ മണിക്കൂർ പ്രത്യേകം പരിശീലനം നൽകുന്നു.

◆ ICT പരമാവധി ഉപയോഗപ്പെടുത്തുന്നു.

◆ വർക്ക് ഷീറ്റുകൾ നൽകുന്നു.

◆ നിരന്തരമായ വിലയിരുത്തൽ നടത്തുന്നു.

◆രക്ഷിതാതക്കളുമായി നിരന്തരമായി ചർച്ചകൾ നടത്തുന്നു.

◆ പൂത്തുമ്പി പോലുള്ള (work ഷീറ്റുകൾ) കൈപുസ്തകത്തിൽ വർക്കുകൾ ചെയ്യൽ.

◆ ഓരോ മാസവും മൂല്യനിർണയം (exam പോലെ) നടത്തി രക്ഷിതാക്കളുമായി ചർച്ച ചെയ്ത് വേണ്ട മാറ്റങ്ങൾ വരുത്തുന്നു

◆ തുടർപ്രവർത്തനങ്ങൾ ചെയ്യുന്നു.

## ക്ലബ് പ്രവർത്തനങ്ങൾ

### സയൻസ് ക്ലബ്

◆ജൂൺ 5 ലോക പരിസ്ഥിതി ദിനം
◆ജൂലൈ 21 ചാന്ദ്ര ദിനം
◆ഓഗസ്റ്റ് 6 ഹിരോഷിമ നാഗസാക്കി
◆സെപ്റ്റംബര് 16 ഓസോൺ ദിനം
◆ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനം
◆മാർച്ച് 22 ലോക ജലദിനം
സ്കൂൾ ശാസ്ത്ര മേള

### ഗണിത ക്ലബ്

◆സംഖ്യകളുടെ ലോകം
◆ആകൃതികളുമായി ഗണിത ചിത്രരചന
◆ക്യൂബുകൾ ഉപയോഗിച്ച് കൂട്ടലും കുറയ്ക്കലും
◆ഘടികാരവുമായി സമയം പഠിക്കുക
◆നാണയ കളി
◆സംഖ്യാ പാത പ്രവർത്തനം
◆വലിപ്പം, നീളം, തൂക്കം പഠിക്കുക
◆കൈവിരൽ ഗണിതം
◆കുതിച്ചുള്ള സംഖ്യകളി
◆വസ്തുവുകൾ ഉപയോഗിച്ച് ഗണിതം
◆സമവാക്യങ്ങൾ കണ്ടെത്തൽ
◆എണ്ണിയും എഴുത്തും
◆തരംതിരിച്ചുള്ള പ്രവർത്തനം
◆രീതികൾ സൃഷ്ടിക്കുക
◆ലക്ഷ്യസംഖ്യാ കളി
◆മാജിക് ബോക്സ് പ്രവർത്തനം

### അറബിക് ക്ലബ്

منتدى الألف العربية للمدرسة الإبتدائية كدنغيم

◆പ്രവേശനോത്സവം
◆അറബിക് പോസ്റ്റർ,ഫ്ളക്സ്,സ്വാഗത ഗാനം.
◆അറബിക് ക്ളബ്ബ് രൂപിക രണം, ഉത്ഘാടനം.
◆അറബിക് അസ്സംബ്ളി മാസത്തിൽ ഒരു ദിവസം.
◆അറബിക് ലൈബ്രറി-അറബി ഭാഷയിൽ കുട്ടികളുടെ കഴിവ് വർധിപ്പിക്കുന്നതിനും,കുട്ടികളി
◆വളരുന്ന ഡിക്ഷനറി (അറബിക്-മലയാളം-ഇംഗ്ലീഷ്)
◆ദിനാചരണ ആഘോഷം ദിനാചരണാഘോഷങ്ങളുടെ ഭാഗമായി വിവിധ ഭാഷാകളികൾ സംഘടിപ്പിക്കുക.

◆ആസ്വാദന സദസ്സ്.

◆കുട്ടികളിലെ കലാപരമായ കഴിവ് കണ്ടെത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും മാസത്തിൽ ഒരു പീരിയഡ് ഓരോക്ലാസിനും കലാപരിപാടികൾ സംഘടിപ്പിക്കുക.

◆ തോട്ടം നിർമാണം.

◆ഔഷധ തോട്ട നിർമാണം, പൂന്തോട്ട നിർമാണം, പച്ചക്കറി തോട്ട നിർമാണം.

◆അറബിക് വാർത്ത വായന. (News Reading)

◆അറബിക് മാഗസിൻ നിർമാണം.

◆ഡിസം-18 അറബിക് ഡേ- വിപുലമായ ആഘോഷങ്ങൾ(ക്ലാസ് തലം,സ്കൂൾ തലം മത്സരങ്ങൾ)

**<u>സാമൂഹ്യ ശാസ്ത്ര ക്ലബ്</u>**

◆ഒരു ദിനം ഒരു അറിവ്

◆ലഹരി വിരുദ്ധ ദിനം

◆ഹിരോഷിമ നാഗസാക്കി ദിനം

◆സ്വാതന്ത്ര്യ ദിനം

◆ഗാന്ധിജയന്തി

◆കേരളപ്പിറവി

◆റിപ്പബ്ലിക് ദിനം

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**std 1**

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

**ലക്ഷ്യങ്ങൾ:-**

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

രക്ഷിതാവിൻ്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.

*ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

കുട്ടികളെ എഴുത്തിൻ്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.

ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**
ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

സർഗ്ഗശേഷികൾ കൈവരിക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..

* സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

രക്ഷിതാവിന്റെയും അധ്യാപികയുടെയും ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു. സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ

രക്ഷിതാവിൻറെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

**ജൂൺ**

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.

* സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* * അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം

* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.

താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.

കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

* വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.

* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

**ഓഗസ്റ്റ്**

പ്രവർത്തനങ്ങൾ

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.

* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.

സംയുക്ത ഡയറി എഴുത്ത് തുടരുന്നു.

പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

* ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ

* എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.

* രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

**സെപ്റ്റംബർ**

പ്രവർത്തനങ്ങൾ

സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.

സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

* അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

*കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

**ഒക്ടോബർ**

പ്രവർത്തനങ്ങൾ

വായനോത്സവം സംഘടിപ്പിക്കുന്നു.

ആസ്വാദ്യകരമായ വായന നടത്തുന്നു.

ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

രചനോത്സവത്തിൻ്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.

* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടത്തുന്നു.

**നവംബർ**

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.

കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

വായനോത്സവം തുടങ്ങുന്നു

* രചനോത്സവം തുടങ്ങുന്നു

* പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.

* ചിത്ര വായന നടത്തുന്നു.

* ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട

വായന നടത്തുന്നു

ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.

* ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.

ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

**ഡിസംബർ**

പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും

* രചന ശേഷി പരിപോഷിപ്പിക്കൽ.

ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.

* രണ്ടോ മൂന്നോ പേരടങ്ങുന്നു ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.

ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.

* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

**ജനുവരി**

പ്രവർത്തനങ്ങൾ
കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.

4 തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

*കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.

* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..

- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.

ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

**ഫെബ്രുവരി**

പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.

* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.

ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

* സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.

ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.

കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

**മാർച്ച്**

പ്രവർത്തനങ്ങൾ

*കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

* വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

*ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.

കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.

രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്

*കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.

മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.

* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.

സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.

സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.

* ഭാഷോത്സവത്തിൻ്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.

എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

**std 2**

**മലയാളം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

**പ്രവർത്തന ലക്ഷ്യങ്ങൾ.**

◆രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
◆രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
◆ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
◆ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
◆വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
◆ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

◆ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

<u>മുന്നൊരുക്കം</u>

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു. കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

**<u>പ്രവർത്തന ലക്ഷ്യം</u>**

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

◆ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
◆ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
◆വായനാ സാമഗ്രികൾ നിർമിക്കൽ
◆വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

◆ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
◆ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.
◆സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

◆ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
◆രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
◆വീട്ടു ലൈബ്രറി ഒരുക്കൽ
◆ചിത്ര വിവരണം
◆വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

◆വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
◆വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്ക
◆വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
◆വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

◆കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
◆വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ
◆കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ
◆ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
◆ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി
◆വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
◆ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി
◆എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
◆കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്
◆വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
◆ ഇൻലൻറ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
◆ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
◆വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
◆ക്ലാസ് ലൈബ്രറി,
◆ലൈബ്രറി ശക്തമാക്കൽ

# <u>ഗണിതം</u>

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ്" ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

◆രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
◆സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
◆ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
◆ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
◆ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന ഖലയിൽ എത്തിച്ചേരൽ
◆പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

**മുന്നൊരുക്കം**

◆ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

◆പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

**ജൂൺ**

1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

**ജൂലൈ**

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻറെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

പത്തിൻറെയും ഒന്നിൻറെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

**ആഗസ്റ്റ്**

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

**സെപ്റ്റംബർ**

ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

വിലവിവരപട്ടിക തയ്യാറാക്കൽ

ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

**നവംബർ**

സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

"ക്ലാസിനൊരു" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

**ഡിസംബർ**
സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി**
വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.
സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**
ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്
കലണ്ടർ പതിപ്പ് തയ്യാറാക്കൽ
കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
കലണ്ടർ നോക്കി സംഖുകൾ താരതമ്യം ചെയ്യൽ.
ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

**ENGLISH**

Aim .:-To speak, Read, & write English without any mistakes
Time - June ,July, August
June
Pretest
To develop listening skills & reading skills first
Listening skills

Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills
Descriptions, growing sentences, picture reading, picture description self-introduction
Assembly activities- speech, book review, quiz riddles, self-introduction. School radio etc

July & August
Reading skills
Newspaper reading, library books reading, book review, reading breaking news, find words. collect and read past tense, rhyming words, describing words etc Textbook activities

Writing skills
Make word web, picture description, word chain sentence chain, make words, & sentences make riddles, conversations, add more lines, develop story, description, notice proclamation, diary letter Announcement, magazines

**std 3**

ലക്ഷ്യം: മൂന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

◆പ്രീ ടെസ്റ്റ്
◆ക്ലാസ് ലൈബ്രറി വികസനം
◆ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ
◆അമ്മ വായന
◆അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു
◆വായനാകാർഡുകൾ തയ്യാറാക്കൽ
◆ദിനാചരണങ്ങളുമായി ബന്ധപ്പെട്ടവിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക

◆ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ
◆ജൂൺ 19 വായനാദിനം
◆വായനാവാരം
◆ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ
◆ആഗസ്റ്റ് 9 നാഗസാക്കി ദിനം

**വായന**

◆മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ

**ലേഖനം**

◆വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക

◆അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ

**പോസ്റ്റർ**

◆ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം

◆സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അഭിമുഖം അധ്യാപകരുമായി

◆ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ

◆ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്

◆നവംബർ 1 കേരളപ്പിറവി പ്രസംഗം

◆നവംബർ 14 ശിശുദിനം

◆കുട്ടികൾ തയ്യാറാക്കിയ വിവിധവ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ

വേദി - സി പി ടി എ

**ഗണിതം**

◆ചതുരം,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു

◆999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

◆എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക

◆സങ്കലന- വ്യവകലന ക്രിയകൾ ക്ക് കുട്ടികളെ പ്രാപ്തരാക്കുക

◆ഗുണന വസ്തുതകൾ നേടൽ

◆ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ

**പ്രവർത്തനം**

◆പ്രീ ടെസ്റ്റ്

◆ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു.

◆സംഖ്യാപാറ്റേണുകൾ
◆നാണയങ്ങൾ, കളിനോട്ടുകൾ പാറ്റേണുകൾ (ഗണിത ക്ലബ്ബ്)
◆വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ
◆മനഃ കണക്കുകൾ
◆നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
◆മഞ്ചാടിക്കളി
◆നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്

**പരിസരപഠനം**

◆നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക.
◆ ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം.
◆പ്രകൃതി സംരക്ഷണം
◆വ്യക്തി ശുചിത്വം

പ്രവർത്തനം

◆സസ്യങ്ങളെ തരംതിരിക്കൽ
◆പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം )
◆മണ്ണ്,ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമാ യ പോസ്റ്ററുകൾ സ്ഥാപിക്കുക
◆മഴക്കുഴി നിർമാണം
◆വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർ മസേനക്ക് കൈമാറൽ
◆കൈ കഴുകൽ - പരിശീലനം
◆പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ

**ENGLISH**

AIMS

◆To study alphabets
◆To study, write and read simple words
◆Create more opportunities for English speaking in the classroom.

ACTIVITIES

◆PRE-TEST
◆Write simple words
◆Circle the word from TB and read
◆Class room communication should be in English, like May I drinks some water? May I Go to bathroom?

Hello.

Hello, everyone.

Good morning.

Good morning everyone.

Good morning class.

Good Afternoon everyone.

How are you?

How are you all?

How are you today?

Let me take attendance etc

## std 4

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

◆കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.

◆സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.

◆സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.

◆സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.

◆കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ,<br><br>ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ-പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | | | | |

| | | | | |
|---|---|---|---|---|
| എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമാ യി എഴുത്തിലൂടെ സംവദിക്കൽ | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം.. | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം | സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| | | | | |
|---|---|---|---|---|
| (സാഹിത്യകാരന്മാർ) | , ഓർമ്മദിനങ്ങൾ ആചരിക്കൽ. | | | |
| സാഹിത്യകാരന്മാരു ടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോ അവതരിപ്പിക്കൽ/ പ്ര ദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ചമയങ്ങൾ പ്രദർശനം). | | | | |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

2. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | ആഴ്ചയിൽ മൂന്ന്ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ | | | | |

| | | | | |
|---|---|---|---|---|
| വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit,Drama,Conversation,Story Telling) | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| ന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊ ണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരി ച്ച | | | | |

| | | | | |
|---|---|---|---|---|
| പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തി ലെത്തി ക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊ ന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങ ളുടെ അവതരണം. | | | | |

3. കളിക്കാം ...ഗണിക്കാം ....(ഗണിതപഠനം )

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ. | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ-കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്ക ൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻHM, SRG, ക്ലാസ് ടീച്ചർ | | PTA |
| ഗണിതച്ചമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ-പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട | | | | |

| | | | | |
|---|---|---|---|---|
| പഠനോപകരണ ങ്ങളു ടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊ ന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളു ടെ പ്രദർശനം. | | | | |